# എന്റെ വീട്

പമ്പാ നദിയുടെ തീരത്തുണ്ടൊരു വീട്,
സ്നേഹം നിറയും, മധുരം കിനിയും,
മരതകമായൊരു കൂട്
പൊട്ടിച്ചിരിക്കും തുമ്പപൂക്കളും,
വാലിട്ടെഴുതിയ വാകപ്പൂക്കളും
കാറ്റിന്റെയലകളിൽ മുടിയഴിച്ചാടുന്ന-
തെങ്ങോലകളിൻ കാതരസ്വരവും.

പാതിരാവായെന്നോർമ്മിപ്പിക്കും,
കൂകിയുണർത്തും പൂവൻകോഴീം
കുണുങ്ങിനടക്കും കുണുക്കിട്ടകോഴീം
പിറകെ പായും കുഞ്ഞോമനകളും.

കുറുമ്പുകാട്ടി ചാരത്തണയുന്ന
എന്റെ സുന്ദരി കന്നിൻ കുട്ടീം
മ്യാവൂ, മ്യാവൂ എന്നു വിളിക്കും
പാദാരങ്ങളിൽ ചുംബനം നൽകും
വട്ടം ചുറ്റും. സ്നേഹം കാട്ടും,
നക്കിതുടക്കും പൂച്ചക്കുട്ടീം.

ആലിൻ തറകളും, അമ്പലക്കുളവും,
ദീപാരാധന തൊഴുതുമടങ്ങും
നാരീ കളത്ര പുരുഷാരങ്ങളും
ആലില പോലെ വിറക്കും രാവിൽ,
തിരുവാതിര തൻ കുരവയിടീല്.